ഏരിയയുടെ നവീകരണത്തിനായി 60 ശതമാനം വിഹിതം കേന്ദ്ര സർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും വഹിക്കുന്നതിനായി MSE-CDP പദ്ധതിയനുസരിച്ച് പത്ത് കോടി രൂപ ചെലവ് വരുന്ന പദ്ധതി റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

മാവൂർ ഗ്വാളിയോർ റയോൺസ് വക സ്ഥലം

198 (4189) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവൂർ ഗ്വാളിയർ റയോൺസിന്റെ കൈവശത്തിൽ എത്ര സ്ഥലമാണുള്ളത്; ഇതിൽ എത്ര ഏക്കർ കമ്പനി സ്വയം ആർജ്ജിച്ചതായുണ്ട്;

(ബി) പ്രസ്തുത കമ്പനിക്ക് നഷ്ടപരിഹാരം നൽകി സ്വത്തുക്കൾ ഏറ്റെടുത്ത് കിൻഫ്രയെ ഏൽപ്പിക്കുന്നതിന് തയ്യാറാവുമോ?

ഉത്തരം

(എ) വ്യാവസായികാവശ്യത്തിനായി പല ഘട്ടങ്ങളിലായി സർക്കാർ ഏറ്റെടുത്തു നൽകിയ 246.33 ഏക്കർ ഭൂമിയും വ്യക്തികളിൽ നിന്നും കമ്പനി നേരിട്ട് വാങ്ങിയ 80.19375 ഏക്കർ ഭൂമിയും കമ്പനിയുടെ കൈവശത്തിലുണ്ട്.

(ബി) വ്യാവസായികാവശ്യത്തിനായി ഏറ്റെടുത്തു നൽകിയതിൽ 187.13 ഏക്കർ ഭൂമി തിരിച്ചെടുക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇതിനെതിരെ കമ്പനി ബഹു. ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഓർഡർ നേടിയതിനാൽ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. ഭൂമി തിരിച്ചെടുത്ത് ഇവിടെ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനായി കിൻഫ്രയ്ക്ക് കൈമാറുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഭൂമി തിരിച്ചെടുക്കുന്നതിനെതിരെ കമ്പനി ബഹു. ഹൈക്കോടതിയിൽനിന്നും നേടിയ സ്റ്റേ ഓർഡർ നീക്കിക്കിട്ടുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ അഡ്വക്കേറ്റ് ജനറലിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ബാംബൂ കോർപ്പറേഷന്റെ പ്രതിസന്ധി

199 (4190) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാംബൂ കോർപ്പറേഷന്റെ പ്രതിസന്ധിയുടെ കാരണം വ്യക്തമാക്കാമോ ;

(ബി) പ്രതിസന്ധി പരിഹരിക്കാനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ബാംബൂ ബോർഡ് ഫാക്ടറി മൂന്നുതവണ നിർത്തിവയ്ക്കേണ്ടിവന്നതിന്റെയും ഓഫ് ചെയ്യേണ്ടിവന്നതിന്റെയും കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly